## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1348**

**22/03/2013-ൽ മറുപടിയ്ക്ക്**

## മലയോര വികസന ഏജൻസി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ.പി.ജയരാജൻ** | | **ശ്രീ. കെ. സി. ജോസഫ് (ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)** | |
| (എ) | മലയോര വികസന ഏജൻസി (എച്ച്.എ.ഡി.എ)യുടെ പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണ്; | (എ) | 2012 മെയ് മാസം 28-ാം തീയതിയാണ് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത് |
| (ബി) | എച്ച്.എ.ഡി.എ.യുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; | (ബി) | മലയോര പ്രദേശങ്ങളിലെ പ്രത്യേക പ്രശ്നങ്ങൾ കണ്ടെത്തുകയും നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, വെസ്റ്റേൺ ഗാട്ട് സെൽ, മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ പരിഹാരങ്ങൾ കണ്ടെത്തുകയുമാണ് ലക്ഷ്യം. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ അടിസ്ഥാന ആവശ്യങ്ങളായ റോഡുകളുടെയും, പാലങ്ങളുടെയും, നടപ്പാതകളുടെയും നിർമ്മാണം, കുടിവെള്ള പദ്ധതികൾ, ജലസേചന പദ്ധതികൾ, ജലസംരക്ഷണ പ്രവൃത്തികൾ, മണ്ണു സംരക്ഷണ പ്രവർത്തികൾ തുടങ്ങിയവയും നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. |
| (സി) | 2011-2012, 2012-13 സാമ്പത്തിക വർഷത്തിൽ എത്ര തുക മലയോര വികസന പ്രവർത്തികൾക്കായി നീക്കി വയ്ക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ ; | (സി) | 2011-2012 സാമ്പത്തിക വർഷത്തിൽ മലയോര വികസന പ്രവർത്തനത്തിന് 5 കോടി രൂപ നീക്കി വച്ചിരുന്നു. എന്നാൽ ഹാഡ (എച്ച്.എ.ഡി.എ)യുടെ പ്രവർത്തനം ആരംഭിക്കാത്തതിനാൽ ടി തുക ചെലവഴിച്ചിട്ടില്ല. 2012-2013 വർഷം 61 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ആയതിൽ സംസ്ഥാന വിഹിതം എത്രയെന്നും കേന്ദ്രവിഹിതം എത്രയെന്നും വ്യക്തമാക്കുമോ ; | (ഡി) | 2012-13 ൽ 25 കോടി രൂപ നബാർഡിന്റെ സാമ്പത്തിക സഹായവും, 7.5 കോടി രൂപ കേന്ദ്രത്തിന്റെ ഒറ്റത്തവണ സഹായവുമാണ്. സംസ്ഥാന വിഹിതം 28.5 കോടി രൂപയാണ്. |
| (ഇ) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയതെന്നും ഏതെല്ലാം ജില്ലയിലെ ഏതെല്ലാം നിയോജക മണ്ഡലങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതെന്നും വ്യക്തമാക്കുമോ; | (ഇ) | പഴം, പച്ചക്കറി വികസന പ്രോജക്ടുകൾക്കും, പരിസ്ഥിതി സൗഹൃദ ചെറുകിട കുടിവെള്ള പദ്ധതികൾക്കും, ചെറു അരുവികളിൽ ചെക്കുഡാം നിർമ്മാണത്തിനുമാണ് 2012-13 ൽ ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന ജില്ലകളും, നിയോജകമണ്ഡലങ്ങളും അനുബന്ധം 1 ആയി നൽകുന്നു. |
| (എഫ്) | എച്ച്.എ.ഡി.എ.യുടെ പ്രവർത്തന പരിധിക്കുള്ളിൽ വരുന്ന നിയമസഭാ നിയോജകമണ്ഡലങ്ങൾ ഏതെല്ലാമാണെന്നും പ്രസ്തുത മണ്ഡലങ്ങളിലെ നിയമസഭാംഗങ്ങൾക്ക് ഈ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എച്ച്.എ.ഡി.എ. അധികൃതർ ഇതുവരെ എന്തെല്ലാം അറിയിപ്പുകൾ നൽകിയെന്ന് അറിയിക്കുമോ; അവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ? | (എഫ്) | 2012-13 വർഷത്തിൽ അംഗീകരിച്ചിട്ടുള്ള പഞ്ചായത്തുകൾ ഉൾപ്പെട്ട നിയോജകമണ്ഡലങ്ങളുടെ ലിസ്റ്റ് അനുബന്ധം 2 ആയി നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഹാഡാ ചെയർമാൻ കൂടിയായ ഗ്രാമ വികസന, ആസൂത്രണ, സാംസ്കാരിക വകുപ്പു മന്ത്രി എം.എൽ.എ മാർക്ക് അയച്ച കത്തിന്റെ പകർപ്പ് അനുബന്ധം 3 ആയി നൽകുന്നു. |

Bijumon

സെക്ഷൻ ഓഫീസർ

~~അനുബന്ധം മലയാളത്തിൽ ലഭ്യമാണ്~~

## ഹിൽ ഏരിയാ ഡവലപ്പ്മെന്റ് ഏജൻസിയുടെ വികസന പ്രവർത്തനങ്ങൾ നടക്കുന്ന

## നിയോജകമണ്ഡലങ്ങൾ

| നം. | ജില്ല | നിയോജകമണ്ഡലം |
|---|---|---|
| 1 | തിരുവനന്തപുരം | പാറശ്ശാല |
| 2 | | അരുവിക്കര |
| 3 | | വാമനപുരം |
| 4 | കൊല്ലം | പുനലൂർ |
| 5 | പത്തനംതിട്ട | കോന്നി |
| 6 | കോട്ടയം | പൂഞ്ഞാർ |
| 7 | | പാല |
| 8 | ഇടുക്കി | പീരുമേട് |
| 9 | | ഇടുക്കി |
| 10 | | തൊടുപുഴ |
| 11 | | ഉടുമ്പൻചോല |
| 12 | | ദേവികുളം |
| 13 | എറണാകുളം | കോതമംഗലം |
| 14 | | മൂവാറ്റുപുഴ |
| 15 | തൃശൂർ | ചാലക്കുടി |
| 16 | | പുതുക്കാട് |
| 17 | പാലക്കാട് | ആലത്തൂർ |
| 18 | | നെന്മാറ |
| 19 | | മലമ്പുഴ |
| 20 | | മണ്ണാർക്കാട് |
| 21 | | കൊങ്ങോട് |
| 22 | മലപ്പുറം | വണ്ടൂർ |
| 23 | | നിലമ്പൂർ |
| 24 | | ഏറനാട് |
| 25 | | വേങ്ങര |
| 26 | കോഴിക്കോട് | തിരുവമ്പാടി |
| 27 | | കൊടുവള്ളി |
| 28 | | ബാലുശ്ശേരി |
| 29 | | പേരാമ്പ്ര |
| 30 | | നാദാപുരം |
| 31 | വയനാട് | കൽപ്പറ്റ |
| 32 | | സുൽത്താൻ ബത്തേരി |
| 33 | | മാനന്തവാടി |
| 34 | കണ്ണൂർ | പേരാവൂർ |
| 35 | | കൂത്തുപറമ്പ് |
| 36 | | ഇരിക്കൂർ |
| 37 | | പയ്യന്നൂർ |
| 38 | കാസർകോഡ് | തൃക്കരിപ്പൂർ |
| 39 | | കാഞ്ഞങ്ങാട് |

Bijumon

| 2012 13 വർഷത്തിൽ അംഗീകരിച്ചിട്ടുള്ള പഞ്ചായത്തുകൾ ഉൾപ്പെട്ട നിയോജകമണ്ഡലങ്ങളുടെ ലിസ്റ്റ്. | | |
|---|---|---|
| നം. | നിയോജകമണ്ഡലം | പഞ്ചായത്തുകൾ |
| 1 | പാറശ്ശാല | കള്ളിക്കാട്, അമ്പൂരി, വെള്ളറട |
| 2 | അരുവിക്കര | വിതുര, ആര്യനാട്, കുറ്റിച്ചൽ, തൊളിക്കോട് |
| 3 | വാമനപുരം | പെരിങ്ങമ്മല |
| 4 | പുനലൂർ | ആര്യങ്കാവ്, കുളത്തുപ്പുഴ, തെൻമല |
| 5 | കോന്നി | സീതത്തോട്, അരുവാപ്പുലം |
| 6 | പൂഞ്ഞാർ | തീക്കോയി, പൂഞ്ഞാർ തെക്കേക്കര, കൂട്ടിക്കൽ |
| 7 | പാല | മേലുകാവ്, മൂന്നിലവ്, തലനാട് |
| 8 | പീരുമേട് | അയ്യപ്പൻകോവിൽ, ഉപ്പുതറ, കൊക്കയാർ, കുമളി, ചക്കുപള്ളം, ഏലപ്പാറ, വണ്ടിപ്പെരിയാർ, പെരുവന്താനം, പീരുമേട് |
| 9 | ഇടുക്കി | കാഞ്ചിയാർ, കട്ടപ്പന, കഞ്ഞിക്കുഴി, കാമാക്ഷി, മരിയാപുരം, അറക്കുളം, വാഴത്തോപ്പ്, വാത്തിക്കുടി, കൊന്നത്തടി, കുടയത്തൂർ |
| 10 | തൊടുപുഴ | വണ്ണാപുരം, ഉടുമ്പന്നൂർ, കരിമണ്ണൂർ |
| 11 | ഉടുമ്പൻചോല | ഉടുമ്പൻചോല, കരുണാപുരം, നെടുങ്കണ്ടം, സേനാപതി, രാജകുമാരി, രാജക്കാട്, പാമ്പാടുംപാറ, ഇരട്ടയാർ |
| 12 | ദേവികുളം | കാന്തല്ലൂർ, മാങ്കുളം, മറയൂർ, മൂന്നാർ, വട്ടവട, ചിന്നക്കനാൽ, അടിമാലി, ബൈസൺവാലി, വെള്ളത്തൂവൽ, പള്ളിവാസൽ, ദേവികുളം, ഇടമലക്കുടി. |
| 13 | കോതമംഗലം | കുട്ടമ്പുഴ |
| 14 | ചാലക്കുടി | കോടശ്ശേരി, ആതിരപ്പള്ളി |
| 15 | പുതുക്കാട് | വരന്തരപ്പിള്ളി, മറ്റത്തൂർ |
| 16 | ആലത്തൂർ | വണ്ടാഴി, കിഴക്കൻഞ്ചേരി |
| 17 | നെന്മാറ | നെല്ലിയാമ്പതി |
| 18 | മലമ്പുഴ | മലമ്പുഴ |
| 19 | മണ്ണാർക്കാട് | ഷോളയൂർ, അഗളി, പുതൂർ, മണ്ണാർക്കാട്, കോട്ടപ്പാടം, അലനല്ലൂർ, കുമരംപുത്തൂർ |
| 20 | വണ്ടൂർ | കരുവാരക്കുണ്ട്, കാളിക്കാവ്, ചോക്കാട് |
| 21 | നിലമ്പൂർ | ചുങ്കത്തറ, പോത്തുകല്ല്, വഴിക്കടവ്, അമരമ്പലം, കരുളായി |
| 22 | ഏറനാട് | ഉറുങ്കാട്ടിരി, ചാലിയാർ |
| 23 | തിരുവമ്പാടി | പുതുപ്പാടി, കോടഞ്ചേരി, കൂടരഞ്ഞി, തിരുവമ്പാടി |
| 24 | കൊടുവള്ളി | താമരശ്ശേരി |
| 25 | ബാലുശ്ശേരി | കൂരച്ചുണ്ട് |
| 26 | പേരാമ്പ്ര | ചക്കിട്ടപ്പാറ |
| 27 | നാദാപുരം | വാണിമേൽ, നരിപ്പറ്റ, കാവിലുംപാറ, കായക്കോടി |
| 28 | കൽപ്പറ്റ | കോട്ടത്തറ, വൈത്തിരി, മുട്ടിൽ, മേപ്പാടി, മുപ്പൈനാട്, പൊഴുതന, തരിയോട്, പടിഞ്ഞാറെത്തറ |
| 29 | സുൽത്താൻ ബത്തേരി | മുള്ളൻകൊല്ലി, പുൽപ്പള്ളി, മീനങ്ങാടി, നെൻമേനി, അമ്പലവയൽ, പൂത്താടി, സുൽത്താൻ ബത്തേരി, നൂൽപ്പുഴ |
| 30 | മാനന്തവാടി | മാനന്തവാടി, വെള്ളമുണ്ട, തിരുനെല്ലി, തൊണ്ടർനാട്, തവിഞ്ഞാൽ, പനമരം |
| 31 | പേരാവൂർ | കണിച്ചാർ, കേളകം, കൊട്ടിയൂർ, അയ്യൻകുന്ന്, ആറളം |
| 32 | കൂത്തുപറമ്പ് | കുന്നത്തുപറമ്പ്, പാട്യം |
| 33 | ഇരിക്കൂർ | പയ്യാവൂർ, എരുവേശ്ശി, ഉളിക്കൽ, ശ്രീകണ്ഠാപുരം, നടുവിൽ, ആലക്കോട്, ഉദയഗിരി, ചെങ്കളായ്, ഇരിക്കൂർ |
| 34 | പയ്യന്നൂർ | ചെറുപുഴ |
| 35 | തൃക്കരിപ്പൂർ | ഈസ്റ്റ് എളേരി |
| 36 | കാഞ്ഞങ്ങാട് | പനത്തടി, ബളാൽ |
| 37 | കൊണ്ടോട് | കരിമ്പ |
| 38 | മൂവാറ്റുപുഴ | കല്ലൂർക്കാട്, മാഞ്ചല്ലൂർ, പൈൻഗോട്ടൂർ |
| 39 | വേങ്ങര | ഊരകം |

Bijumon

**ഹിൽ ഏരിയാ ഡവലപ്പ്മെന്റ് ഏജൻസിയുടെ വികസന പ്രവൃത്തികൾക്ക് പ്രപ്പോസൽ നൽകുന്നതിന് ഹാഡാ ചെയർമാൻ കൂടിയായ ഗ്രാമ വികസന, ആസൂത്രണ സാംസ്കാരിക വകുപ്പു മന്ത്രി എം.എൽ. എ മാർക്ക് അയച്ച കത്തിന്റെ കോപ്പി.**

നം. 1000/VIP/12/M(RD,P&C) 31.07.2012

പ്രിയപ്പെട്ട................

വിഷയം : ഹിൽ ഏരിയാ ഡവലപ്പ്മെന്റ് ഏജൻസി – പ്രവൃത്തികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച്

* * * * *

ആസൂത്രണ വകുപ്പിന്റെ കീഴിൽ ഹിൽ ഏരിയാ ഡവലപ്പ്മെന്റ് ഏജൻസി (HADA) രൂപീകരിച്ച വിവരം അറിഞ്ഞിരിക്കുമല്ലോ. പ്രസ്തുത ഏജൻസിയുടെ ആഭിമുഖ്യത്തിൽ ഈ വർഷം ഏറ്റെടുക്കുന്നതിന് താഴെകൊടുത്തിട്ടുള്ള സ്കീമുകളിൽ പ്രവൃത്തികൾ നിർദ്ദേശിക്കാവുന്നതാണ്. പ്രവൃത്തികൾ ഏറ്റെടുക്കാനായി താങ്കളുടെ നിയോജകമണ്ഡലത്തിൽ അംഗീകരിച്ച പഞ്ചായത്ത് ................ ആണ്.

1. **RIDF സ്കീം പ്രകാരം റോഡുനിർമ്മാണം**

   നബാർഡിന്റെ സഹായത്തോടെ റോഡുനിർമ്മാണത്തിന് ആകെ 30 ലക്ഷം രൂപയുടെ പ്രവൃത്തികൾ മേൽപറഞ്ഞ പഞ്ചായത്തുകളിൽ ഏറ്റെടുക്കാവുന്നതാണ്. RIDF ന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം അനുവദനീയമായ റോഡുകളാണ് തെരഞ്ഞെടുക്കേണ്ടത്. ഇതിന്റെ 20% തുക താങ്കളുടെ എം.എൽ.എ. ഫണ്ടിൽ വകയിരുത്തേണ്ടതാണ്.

2. **പരിസ്ഥിതി സൗഹൃദ ചെറുകിട കുടിവെള്ള പദ്ധതി (Additional Central Assistance)**

   ആകെ 30 ലക്ഷം രൂപയുടെ പരിസ്ഥിതി സൗഹൃദ ചെറുകിട കുടിവെള്ള പദ്ധതികൾ നിർദ്ദേശിക്കാവുന്നതാണ്. ഇതിന്റെ നിർമ്മാണം ഗുണഭോക്തൃ സമിതികൾ നടത്തേണ്ടതും ആവർത്തന ചെലവുകൾ ഗുണഭോക്താക്കൾതന്നെ കണ്ടെത്തേണ്ടതുമാണ്.

3. **ചെറിയ അരുവികളിൽ ചെക്ക് ഡാം നിർമ്മാണം (Additional Central Assistance)**

   ചെറിയ അരുവികളിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിന് ആകെ 20 ലക്ഷം രൂപയുടെ പ്രവൃത്തികൾ നിർദ്ദേശിക്കാവുന്നതാണ്. നിർമ്മാണം ഗുണഭോക്തൃ സമിതി നിർവ്വഹിക്കേണ്ടതാണ്.

പ്രവൃത്തികളുടെ പേരുവിവരം താഴെ പറയുന്ന മേൽവിലാസത്തിൽ 10-08-2012 ന് മുമ്പായി അയച്ചുകൊടുക്കേണ്ടതാണ്.

**സ്പെഷ്യൽ ഓഫീസർ, ഹിൽ ഏരിയാ ഡവലപ്പ്മെന്റ് ഏജൻസി,**
**ഫോറസ്റ്റ് ഓഫീസ് ലെയിൻ, വഴുതക്കാട്, തിരുവനന്തപുരം-695 014**

സ്നേഹപൂർവ്വം,

ഒപ്പ്
**കെ.സി.ജോസഫ്**

ശ്രീ................................, MLA

.........................................

Bijumon